ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി വഴി മെച്ചപ്പെട്ട ഊർജ്ജക്ഷമതയും പ്രകാശവും കൈവരിക്കാനാവും. അതുപോലെ സി.എഫ്.എൽ.-കളിലും ട്യൂബുലൈറ്റുകളിലും കാണപ്പെടുന്ന ദോഷകരമായ മെർക്കുറിയുടെ അളവ് എൽ.ഇ.ഡി. ബൾബുകളിൽ തീരെയില്ലെന്ന മേന്മയുമുണ്ട്.

(സി) പദ്ധതി നടത്തിപ്പിനായി M/s Energy Efficiency Service Ltd., (EESL) എന്ന ഒരു കേന്ദ്ര ഏജൻസിയുടെ സഹായം തേടുന്നതിനുള്ള ചർച്ചകൾ നടന്നിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പിലായാൽ ഒരു ഉപഭോക്താവിന് രണ്ട് എൽ.ഇ.ഡി. ബൾബുകൾ എന്ന നിലയിൽ 75 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകാനായാൽ 80 മില്യൻ യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകുമെന്നാണ് കണക്കാക്കുന്നത്.

വൈദ്യുതി ലൈൻ പ്രവർത്തനങ്ങളിൽ നിന്ന് പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് പിൻമാറിയ നടപടി

16 (*766) ശ്രീ. എസ്. ശർമ്മ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും 400 കെ.വി. ലൈൻ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് പിന്മാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ലൈനുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള സാധനസാമഗ്രികൾ തിരിച്ചെടുക്കാൻ അനുവാദം നൽകുന്നതിന് പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ കേന്ദ്ര റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനുള്ള സാഹര്യം എന്താണെന്നും ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്നും വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 400 കെ.വി. തിരുനെൽവേലി-മാടക്കത്തറ ലൈനുമായി ബന്ധപ്പെട്ട് പവർഗ്രിഡ് കോർപ്പറേഷൻ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നൽകിയിരിക്കുന്ന പെറ്റീഷനിൽ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

1. കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം ലഭ്യമാക്കുന്നതിനുവേണ്ടി നിർമ്മിക്കുന്ന 400 കെ.വി. തിരുനെൽവേലി-മാടക്കത്തറ ലൈനിനും പള്ളിക്കര (കൊച്ചി ഈസ്റ്റ്)-യിൽ 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും 31-3-2014 വരെ ചെലവായ 408.40 കോടി രൂപയ്ക്ക് 1-4-2014 മുതൽ താൽക്കാലിക താരിഫ് നിശ്ചയിക്കുവാനും ഇടമൺ-കൊച്ചി റൂട്ടിലെ തർക്കങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതും അതിനുശേഷം 400 കെ.വി. തിരുനെൽവേലി-മാടക്കത്തറ ലൈനും അനുബന്ധ 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനും വേണ്ടി ചെലവാക്കിയ ഉകയ്ക്കുള്ള അന്തിമ താരിഫ് നിശ്ചയിക്കുവാനും
2. PGCIL-ൽ പ്രസ്തുത പ്രവൃത്തിമൂലം ഉണ്ടായ നഷ്ടം നികത്തുവാൻ വേണ്ടി കമ്മീഷൻ ഉചിതമായ നടപടി സ്വീകരിക്കുവാനും
3. 400 കെ.വി. ഇടമൺ-കൊച്ചി ഭാഗത്ത് ലൈൻ വലിക്കുന്നത് സംബന്ധിച്ച തർക്കങ്ങളും അത് സംബന്ധിച്ച സർക്കാരിന്റെ ഭാഗത്തുനിന്നും മുന്നോട്ടുവച്ച നഷ്ടപരിഹാര നിർദ്ദേശങ്ങളിലുള്ള വ്യത്യസ്ത നിലപാടുകൾ പരിഹരിക്കുവാനും
4. തിരുനെൽവേലി-ഇടമൺ 400 കെ.വി. ലൈനിന്റെ commercial operation 1-7-2010 മുതൽ പ്രഖ്യാപിക്കാനും. പ്രസ്തുത വിഷയത്തിന്മേലുള്ള വാദം കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നടന്നുവരികയാണ്.

(സി) കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി തിരുനെൽവേലി മുതൽ തൃശ്ശൂർ മാടക്കത്തറ വരെ 400 കെ.വി. ലൈനും കൊച്ചി (പള്ളിക്കര)യിൽ ഒരു 400 കെ.വി. സബ്സ്റ്റേഷനും നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ പവർഗ്രിഡ് കോർപ്പറേഷനാണ് നടപ്പാക്കുന്നത്. തിരുനെൽവേലി മുതൽ ഇടമൺ

LIBRARY ARCHIVES Kerala Legislative Assembly

വരെയും മാടക്കത്തറ മുതൽ പള്ളിക്കര വരെയുമുള്ള 400 കെ.വി. ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ കൊച്ചിവരെയുള്ള ലൈൻ റൂട്ടിൽ ലൈൻ വലിക്കുന്നതിനെതിരെയുള്ള എതിർപ്പുകൾമൂലം നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ലൈൻ നിർമ്മാണം നടത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും കർഷകരുമായും ജനപ്രതിനിധികളുമായും ചർച്ചകൾ നടന്നുവരുന്നു. PGCIL ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ, സത്വര നടപടികൾ കൈക്കൊള്ളണമെന്ന് കോടതി നിർദ്ദേശത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ആദിവാസികൾ സ്വയം ഭൂമി കണ്ടെത്തുന്ന പദ്ധതി

17 (*767) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് അവരവർ തന്നെ ഭൂമി കണ്ടെത്തുന്നതിന് 10 ലക്ഷം രൂപ നൽകുമെന്നുള്ള പദ്ധതി വൻ അഴിമതിക്ക് കളമൊരുക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ ;

(സി) ഭൂമി ലഭ്യമാക്കുന്നതിന് അവരവർതന്നെ ഭൂമി കണ്ടെത്തണമെന്ന നിർദ്ദേശം, പദ്ധതി പ്രഖ്യാപനത്തിൽ തന്നെ ഒളിഞ്ഞുമെന്നുള്ള പ്രസ്തുത മേഖലയിലുള്ളവരുടെ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വാസസ്ഥലത്തിനടുത്ത് സൗകര്യപ്രദമായ നിലയിൽ വാസയോഗ്യവും ജലലഭ്യതയുള്ളതും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി വാങ്ങി നൽകുന്നതിനുള്ള പദ്ധതിയാണ് 3-9-2013-ലെ സ.ഉ.

LIBRARY ARCHIVES Kerala Legislative Assembly